## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5206** | **15-11-2019 ലെ മറുപടിയ്ക്ക്**

### മരടിലെ വിവാദ ഫ്ലാറ്റുകൾ പൊളിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ടി.ജെ. വിനോദ്:** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരടിലെ വിവാദ ഫ്ലാറ്റുകൾ നിയന്ത്രിത സ്ഫോടനത്തിലൂടെ പൊളിക്കുന്നതിന് ഏതൊക്കെ കമ്പനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ ; | (എ) എഡിഫൈസ് എഞ്ചിനീയറിംഗ്, വിജയ് സ്റ്റീൽസ് എന്നീ കമ്പനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) പ്രസ്തുത കമ്പനികളെ തെരഞ്ഞെടുത്തതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) 5/10/2019 ലെ സ.ഉ. (സാധാ)നം.2193/2019/തസ്വഭവ, 9/10/2019 ലെ സ.ഉ.(സാധാ) നം.2211/2019/തസ്വഭവ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി, മരട് ഫ്ലാറ്റുകൾ പൊളിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കമ്പനികളുമായി ചർച്ച നടത്തിയും അവരുടെ സാങ്കേതിക വൈദഗ്ദ്ധ്യം വിലയിരുത്തിയുമാണ് എഡിഫൈസ് എഞ്ചിനീയറിംഗ്, വിജയ് സ്റ്റീൽസ് എന്നീ കമ്പനികളെ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) ഫ്ലാറ്റ് പൊളിക്കുന്നതിന് ആരുടെയെങ്കിലും വിദഗ്ദ്ധ ഉപദേശം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) ഉണ്ട്. 9/10/2019 ലെ സ.ഉ.(സാധാ) നം.2211/2019/തസ്വഭവ, പ്രകാരം കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ധനായ Sri. Sharad B Sarwate യുടേയും, 5/10/2019 ലെ സ.ഉ.(സാധാ) നം. 2193/2019/തസ്വഭവ പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടേയും വിദഗ്ധ ഉപദേശം അനുസരിച്ചാണ് ഫ്ലാറ്റ് പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ